രാമനാട്ടിൽവെച്ച് നൽകപ്പെട്ട സ്വീകരണത്തിനു മറുപടിയായി 1897-ൽ ചെയ്ത പ്രസംഗത്തിൽ ഭാരതത്തിന്റെ ഭാസുരമായ ഭാവിയെപ്പററിയുള്ള തന്റെ സങ്കല്പത്തെ കവിതാമയമായ ശൈലിയിൽ വിവേകാനന്ദസ്വാമികൾ വിവരിച്ചിട്ടുണ്ട്. ഞാൻ പകർത്താം:

'ഏററവും നീണ്ടരാത്രി തീരാറായെന്നു തോന്നുന്നു. ഏററവും ദുസ്സഹമായ കഷ്ടപ്പാടുകൾ ഒടുവിൽ ഇതാ അവസാനിക്കുന്നമട്ടായി. മൃതശരീരമെന്ന് എണ്ണപ്പെട്ട വസ്തു ഇതാ ഉണരാൻ വട്ടംകൂട്ടുന്നു. ഒരു ശബ്ദം ഇപ്പോൾ നമ്മുടെ നേർക്കു വരുന്നുണ്ട്—ചരിത്രത്തിനും ഐതിഹ്യത്തിനുപോലും എത്തിനോക്കാനാവാത്തവണ്ണം ഇരുളടഞ്ഞ ആ ഭൂതകാലത്തിൽനിന്നു കർമത്തിന്റെയും പ്രേമത്തിന്റെയും ജ്ഞാനത്തിന്റെയുമായ ആ അപരിമിത ഹിമാലയത്തിന്റെ കൊടുമുടികളിൽത്തട്ടിത്തട്ടി മാറെറാലിക്കൊള്ളുംവിധത്തിലുള്ള ഒരു ശബ്ദം, നമ്മുടെ മാതൃഭൂമിയായ ഭാരതത്തിന്റെ ശബ്ദം നമ്മുടെ നേർക്കു വരുന്നുണ്ട്. സൗമ്യവും ഗാഢവും എന്നാൽ അർത്ഥശങ്കയ്ക്ക് ഇടനൽകാത്തതുമാണ് ആ ശബ്ദം. ദിവസം ചെല്ലുന്തോറും അതിന്റെ മുഴക്കം ഏറുകയുമാണ്. നോക്കൂ, ഉറങ്ങിക്കിടക്കുന്നവൻ എഴുന്നേൽക്കുന്നു. ഹിമാലയത്തിൽനിന്നടിക്കുന്ന ഒരു കാററുപോലെ അതു മൃതപ്രായമായ അസ്ഥികളിലും മാംസപേശികളിലും ജീവിതം പകരുന്നു; ആലസ്യം തിരോഭവിക്കുന്നു നമ്മുടെ മാതൃഭൂമിയായ ഭാരതം അഗാധവും ദീർഘവുമായ നിദ്രയിൽനിന്ന് എഴുന്നേൽക്കുകയാണെന്നു കുരുടനുമാത്രം കാണാൻ കഴിവില്ല; അഥവാ കുറുമ്പി മാത്രം കാണാൻ കൂട്ടാക്കില്ല. ഇനി ആർക്കും ഭാരതത്തെ തടയാനാവില്ല; ഇനി ഒരിക്കലും ഭാരതം ഉറങ്ങാൻ ഭാവവുമില്ല. ഇനി ഒരു ബാഹ്യശക്തിക്കും ഭാരതത്തെ പിന്നോട്ടു പിടിച്ചു മററുക സാദ്ധ്യമല്ല.' വി. സാ. സ. വാല്യം 3 പേജ് 40)

രാഷ്ട്രത്തെ ഈ ഉണർവിലേക്കു നയിക്കുന്ന വിദ്യാഭ്യാസസമ്പ്രദായമാണ് വിവേകാനന്ദസ്വാമികളുടെ ഭാവനയിലുണ്ടായിരുന്നത്.

(ആഗമാനന്ദസ്വാമി സ്മാരക പ്രസംഗം 14 ഏപ്രിൽ, 1988)

# 79. വിദ്യാഭ്യാസവും സംസ്കാരവും

പുതുമയെ പ്രോത്സാഹിപ്പിക്കുകയും പഴമയെ സംരക്ഷിക്കുകയും വിദ്യാഭ്യാസത്തിന്റെ തുല്യ പ്രാധാന്യമുള്ള രണ്ടു ലക്ഷ്യങ്ങളാണ്. പരസ്പരവിരുദ്ധങ്ങളെന്നു തോന്നാമെങ്കിലും ഇവ യഥാർത്ഥത്തിൽ പരസ്പരപൂരകങ്ങളാകുന്നു. പരസ്പരപൂരകങ്ങളായിരിക്കത്തക്കവിധത്തിൽ ഈ രണ്ടു ലക്ഷ്യങ്ങളെ പൊരുത്തപ്പെടുത്തുമ്പോൾ മാത്രമേ വിദ്യാഭ്യാസം അതിന്റെ ശരിയായ ഉദ്ദേശ്യം—സംസ്കാരവൽക്കരണം (Enculturation) നിർവഹിക്കുകയുള്ളു.

പാഠ്യവിഷയങ്ങളിലെ ശാസ്ത്രീയമായ ഉള്ളടക്കം (Scientific Content) ആണ് പുതുമയെ പ്രോത്സാഹിപ്പിക്കുന്നത്. ശാസ്ത്രീയമായ ഉള്ളടക്കത്തിന് പാഠ്യവിഷയങ്ങൾക്കിടയിൽ നാം നൽകിയ പ്രാധാന്യത്തെ മുൻനിർത്തി, വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം സമൂഹത്തിന്റെ ആധുനീകീകരണം (Modernisation) ആണെന്ന് കോഠാരി കമ്മീഷൻ റിപ്പോർട്ട് പ്രഖ്യാപിക്കുന്നു. ശാസ്ത്രങ്ങളിൽ ഗണിതം (മാത്തമാററിക്സ്) ഒഴികെ മററു മിക്കതും നാം യൂറോപ്പിൽനിന്നു കടംകൊണ്ടവയാണ്. ഇന്ത്യയിൽ ജനിച്ചുവളർന്ന വൈദ്യം, ജ്യോതിഷം എന്നീ ശാസ്ത്രങ്ങളെപ്പോലും പൊതുവിദ്യാഭ്യാസത്തിൽ നാം ഏറെ

ക്കറെ ഉപേക്ഷിക്കുകയും അവയുടെ സ്ഥാനത്തു് യൂറോപ്യൻ വൈദ്യശാസ്ത്രത്തെയും ജ്യോതിഷത്തെയും (അസ്ട്രോണമി) കുടിയിരുത്തുകയുംചെയ്തിരിക്കുന്നു.

യൂറോപ്പിൽ വ്യവസായവൽക്കരണം സാധ്യമാക്കിയതു് അവിടെയുണ്ടായ ആധുനിക വിജ്ഞാനത്തിൻെറ വളർച്ചയാകുന്നു—വ്യവസായവൽക്കരണമാണു് പാശ്ചാത്യനാടുകളെ ദാരിദ്ര്യബാധയിൽനിന്നു മോചിപ്പിച്ചതു്. കടുത്ത ദാരിദ്ര്യം എങ്ങനെ അവസാനിപ്പിക്കാമെന്നതാണു് ഇന്ത്യയിലെ ഇന്നത്തെ മുഖ്യപ്രശ്നം. ദാരിദ്ര്യനിർമാർജനത്തിനു് ഇന്ത്യയെ ത്വരിതഗതിയിൽ വ്യവസായവൽക്കരിക്കുക എന്ന മാർഗമാണു് നിർദേശിക്കപ്പെട്ടിട്ടുള്ളതു്. നമ്മുടെ പഞ്ചവത്സരപദ്ധതികളുടെയെല്ലാം മുഖ്യലക്ഷ്യം വ്യവസായവൽക്കരണമാകുന്നു. ദ്രുതവും സർവാംഗീണവുമായ വ്യവസായവൽക്കരണം നേടുന്നതിനുവേണ്ടി ആധുനിക (പാശ്ചാത്യ) വിജ്ഞാനവും സാങ്കേതികവിദ്യയും (ടെക്നോളജി) ഇന്ത്യയിൽ പ്രചരിപ്പിക്കേണ്ടതുണ്ടു്. ഇതിനു് വിദ്യാഭ്യാസം ഉപകരിക്കണമെന്നാണു്, വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ആധുനികീകരണമാണെന്നു പറഞ്ഞപ്പോൾ കോഠാരി കമ്മീഷൻ ഉദ്ദേശിച്ചതു്. പാരമ്പര്യാധിഷ്ഠിതമായ നമ്മുടെ സമൂഹത്തെ ശാസ്ത്രവിജ്ഞാനാധിഷ്ഠിതമാക്കുക, അങ്ങനെ വ്യവസായവൽക്കരണത്തിൻെറ മാനുഷികമായ അസ്ഥിവാരം തയ്യാറാക്കുക എന്നതാണു് 'ആധുനികീകരണം' (മോഡേണൈസേഷൻ) എന്നതിൻെറ അർത്ഥം.

വിദ്യാഭ്യാസം എങ്ങനെ പുതുമയെ പ്രോത്സാഹിപ്പിക്കുന്നു എന്നാണു് ഇവിടെ സംക്ഷിപ്തമായി പ്രതിപാദിച്ചതു്. ജനതയുടെ സംസ്കാരത്തെ പഴയ തലമുറയിൽനിന്നു പുതിയ തലമുറയിലേക്കുയർത്തുക എന്നതു മാത്രമായിരുന്നു മുമ്പൊക്കെ വിദ്യാഭ്യാസത്തിനു് നിർവചിച്ചിരുന്ന ലക്ഷ്യം. ജീവസന്ധാരണത്തിനു ജനങ്ങൾ അംഗീകരിക്കുന്ന തൊഴിലുകൾ, കുടുംബങ്ങൾക്കുകൂടെ കുടുംബങ്ങളുടെ സമൂഹങ്ങളായ തറവാടുകൾ, ഗോത്രങ്ങൾ, ജാതികൾ, ഗ്രാമങ്ങൾ, പഞ്ചായത്തുകൾ, നഗരങ്ങൾ, അവയിലെ തൊഴിലധിഷ്ഠിതങ്ങളും ഭരണവുമായി ബന്ധപ്പെട്ടവയുമായ പലതരം സംഘടനകൾ, മത പൗരോഹിത്യ സംഘടനകൾ, രാഷ്ട്രസംഘടനകൾ എന്നിവയ്ക്കിടയിലും പ്രവർത്തിക്കുന്ന മനുഷ്യർ തമ്മിൽത്തമ്മിലുള്ള ബന്ധങ്ങൾ, ഇവയിൽനിന്നെല്ലാം ഉത്ഭവിക്കുന്ന ആചാരമര്യാദകൾ, ജീവിതലക്ഷ്യങ്ങളെക്കുറിച്ചുള്ള ധാരണകൾ, സത്യം—സൗന്ദര്യം നന്മ ധർമം—അധർമം—നീതി—അനീതി മുതലായവയെ സംബന്ധിച്ചുള്ള കേവലങ്ങളും പ്രായോഗികങ്ങളുമായ സങ്കല്പനങ്ങൾ മുതലായ പലതും സംസ്കാരം എന്ന പദംകൊണ്ടു് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

മനുഷ്യനു് വിശേഷബുദ്ധിയുണ്ടു് എന്നു പറയുന്നതിൻെറ ഒരർത്ഥം ഓരോ മനുഷ്യനും തനതായ വിധത്തിൽ ചിന്തിക്കുകയും പരിസരങ്ങളോടും സംഭവങ്ങളോടും സവിശേഷരീതിയിൽ പ്രതികരിക്കുകയുംചെയ്യുന്നു എന്നുകൂടിയാണു്. സ്വാതന്ത്ര്യ ഇച്ഛ (Free will) എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതും ഏറെക്കുറെ ഇതുതന്നെ സമൂഹജീവിയെങ്കിലും മനുഷ്യൻ ഏകാകിയുമാണു്. അവൻ ഏകനായി പിറക്കുന്നു, ഏകനായി മരിക്കുന്നു ജനനമരണങ്ങളുടെ മദ്ധ്യത്തിലും അവൻ പലപ്പോഴും ഏകനാണു്. അവൻ ഏകനായി അറിയുന്നു; ഏകനായി സത്യം മനസ്സിലാക്കുകയും സൗന്ദര്യം ആസ്വദിക്കുകയും വിശ്വസിക്കുകയും അവിശ്വസിക്കുകയും സ്നേഹിക്കുകയും ദ്വേഷിക്കുകയുംചെയ്യുന്നു.

എങ്കിലും മനുഷ്യൻ പിറന്നുവീണതു് കുടുംബം എന്ന സമൂഹത്തിലേക്കാണു്. മുതിർന്ന മനുഷ്യൻെറ ജീവിതവീക്ഷണവും മൂല്യബോധവും ധർമ—അധർമ—വിധേയവും എല്ലാം ഏറെക്കുറെ ജീവിതത്തിൻെറ ആദ്യത്തെ ഏതാനും വർഷങ്ങളിൽ കുടുംബത്തിനകത്തുവെച്ചു് രൂപംകൊള്ളുന്നു. പിന്നീടു് ഇവയെ അടിസ്ഥാനപരമായി മാററുക പ്രയാസമത്രേ. മനുഷ്യജീവിതത്തെ സന്തോഷപൂർണവും ചാരിതാർത്ഥ്യവുമാക്കുന്നതും, ദുഃഖഭൂയിഷ്ഠവും നിരാശാഭരിതവുമാക്കുന്നതും മുഖ്യമായും അവൻെറ ആന്തരവ്യക്തിത്വമാകുന്നു. ഈ ആന്തരവ്യക്തിത്വം

മനുഷ്യൻ സമ്പാദിക്കുന്നതു് കുടുംബത്തിൽനിന്നോ, കുടുംബത്തിന്റെ ഒരു വളർച്ച എന്നു വിവരിക്കാവുന്ന വിദ്യാലയത്തിൽനിന്നോ ആകുന്നു.

മനുഷ്യരുടെ അനുഭവത്തിൽപ്പെട്ട ഒന്നും ഒരു ബിന്ദു (പോയ്ന്റ്)പോലെ കേവലമല്ല. എല്ലാ അനുഭവങ്ങളും ഒരു വര(ലെയ്ൻ)പോലെ രണ്ടു വ്യത്യസ്ത വശങ്ങളിലേക്കു നീണ്ടു കിടക്കുന്നു. ഭൂമിക്കെന്നപോലെ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരുടെ അനുഭവങ്ങൾക്കുമുണ്ടു് രണ്ടു ധ്രുവങ്ങൾ. മനുഷ്യന്റെ ജീവിതത്തിനു് ഒരു ഭൗതികവശമുള്ളതുപോലെ അഭൗതികമായ (ആദ്ധ്യാത്മികമായ) മറ്റൊരു വശമുണ്ടു്. ഇവയിൽ ഏതു വശത്തിനു പ്രാധാന്യം എന്ന പ്രശ്നമില്ല. നാണ്യത്തിന്റെ ഏതു വശത്തിനാണു വില എന്നു് ആരും ചോദിക്കാറില്ലല്ലോ. രണ്ടു വശവും ചേരുമ്പോഴേ ഒരു വസ്തു അതു് ആവുന്നുള്ളു—നാണ്യമായാലും ജീവിതമായാലും.

'മതപരം' എന്ന സങ്കുചിതമായ അർത്ഥത്തിലല്ല ഇവിടെ 'ആദ്ധ്യാത്മികം' എന്ന വാക്കു് ഉപയോഗിച്ചതു്. മതത്തെപ്പോലെ മതനിരപേക്ഷവും കേവലവുമായ മൂല്യബോധം, സദാചാരബോധം, സത്യബോധം, ധർമ്മബോധം, സൗന്ദര്യബോധം എന്നിവയും പെരുമാററത്തിലെ ആരോഗ്യകരങ്ങളായ പഴക്കങ്ങളും, ചിന്തയിലെ ശാസ്ത്രീയതയും, അച്ചടക്കവും എല്ലാം 'ആദ്ധ്യാത്മികം' എന്ന വിശാലസങ്കല്പനത്തിൽ അടങ്ങുന്നു. അഴിമതിചെയ്യാൻ സൗകര്യമുണ്ടായിട്ടും ഉദ്യോഗസ്ഥൻ നീതിയിൽനിന്നു വ്യതിചലിക്കുന്നില്ലെങ്കിൽ അതു് അയാളിലെ ആദ്ധ്യാത്മികത നിമിത്തമാകുന്നു. 'ആദ്ധ്യാത്മികം'(സ്പിരിചൽ) എന്ന വാക്കു് ഈ അടുത്ത കാലത്തായി സോവിയററു്—ചൈനീസ് പ്രസിദ്ധീകരണങ്ങളിൽ കൂടെക്കൂടെ ആവർത്തിക്കപ്പെടുന്നതു് ഈ അർത്ഥത്തിലാണു്.

ഒരു ജനതയുടെ ഉത്തമ സംസ്കാരത്തെ സംരക്ഷിക്കുന്നതു് അവരുടെ വിശിഷ്ട കലകളാകുന്നു. കലകൾക്കിടയിൽ സമഗ്രമായി സംസ്കാരത്തെ ആവഹിക്കാനുള്ള കഴിവു് സാഹിത്യത്തിനു മാത്രമാണു്. മററു കലകൾ സൗന്ദര്യം, അച്ചടക്കം, ത്യാജ്യഗ്രാഹ്യവിധേയം മുതലായ സംസ്കാരത്തിന്റെ ചില വശങ്ങളിൽ കൂടുതലായി ഊന്നുന്നു. മതസാഹിത്യം മിക്കപ്പോഴും ധർമ്മബോധമെന്ന അംശത്തിനു് പരമപ്രാധാന്യം നൽകുന്നതായി കാണാം.

ഉത്തമ സാഹിത്യവും വിശിഷ്ട കലകളും ധാർമ്മികസാഹിത്യത്തിലെ സാർവ ലൗകിക ഭാഗങ്ങളും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ ഉണ്ടായിരിക്കണമെന്നു നിഷ്കർഷിക്കുന്നതു് പഴമയിലെ ശ്രേഷ്ഠങ്ങളും ശാശ്വതങ്ങളുമായ ഘടകങ്ങൾ പുതിയ തലമുറകൾക്കു ലഭ്യമാക്കുന്നതുവഴി അവരുടെ സ്വഭാവം ആശാസ്യമായ വിധത്തിൽ രൂപപ്പെടുത്തുന്നതിനും കുറെക്കൂടി മെച്ചപ്പെട്ട ഒരു സമൂഹത്തെ അങ്ങനെ വാർത്തെടുക്കുന്നതിനുമാണു്. വിദ്യാഭ്യാസം 'നിർവഹിക്കുന്ന' ഈ കർത്തവ്യത്തെയാണു് 'സംസ്കാരവൽക്കരണം' (enculturation) എന്നു പറയുന്നതു്.

സമൂഹത്തിന്റെ ആധുനികീകരണം വിദ്യാഭ്യാസത്തിന്റെ ഒരു ധ്രുവമാണെങ്കിൽ അതിന്റെ മറേറ ധ്രുവം സമൂഹത്തിലെ വ്യക്തിയുടെ സംസ്കാരവൽക്കരണമാകുന്നു. ഈ രണ്ടു ധ്രുവങ്ങളിലും ഒരുപോലെ ശ്രദ്ധ ചെലുത്താത്ത വിദ്യാഭ്യാസം വികലവും അപ്രസക്തവും പലപ്പോഴും ആപൽക്കരംകൂടിയും ആയിരിക്കും.

(21 ഒക്ടോബർ, 1987)